(സി) ഓൺലൈനായി ലഭിച്ച അപേക്ഷകളിൽ സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ പ്രകാരമുള്ളവയും മുഖ്യമന്ത്രി നേരിട്ട് തുക പാസ്സാക്കിയിട്ടുള്ളതുമായ അപേക്ഷകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. ജനസമ്പർക്ക ദിവസം ലഭിച്ച മറ്റുള്ള അപേക്ഷകളിൽ അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടി

7 (7563) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ പാലക്കാട് ജില്ലയിൽ വിവിധ കാര്യങ്ങൾക്കായി പൊതുജനങ്ങളിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) എ. പി. എൽ. കാർഡുകൾ ബി. പി. എൽ. ആക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു ; അതിൻമേൽ എത്ര കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റി നൽകി ; വിശദാംശം നൽകാമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു ; അതിൽ എത്ര എണ്ണത്തിൽ തീരുമാനം എടുത്തു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 36830 അപേക്ഷകൾ ലഭിച്ചു.

(ബി) എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിനായി 19586 അപേക്ഷകൾ ലഭിച്ചു. അതിൽ 1004 എണ്ണം ബി.പി.എൽ കാർഡുകൾ ആക്കി മാറ്റി.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിനായി 1519 അപേക്ഷകൾ ലഭിച്ചു. അതിൽ 33 എണ്ണം ബി.പി.എൽ. കാർഡാക്കി മാറ്റി നൽകി.

മലപ്പുറത്തെ ജനസമ്പർക്ക പരിപാടിയിൽ പരിഗണിച്ച അപേക്ഷ

8 (T 7564) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ൽ മലപ്പുറത്തുവച്ച് നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ 103321 എം.സി.പി.ആർ, 103330 എം.സി.ഡബ്ല്യു.ഡി. എന്നീ ഡോക്കറ്റ് നമ്പറുകൾ പ്രകാരം റഹീം c/o ഷാജി വി.പി., വലിയപീടിയേക്കൽ, സക്കീന c/o ഷാജി വി. പി. വലിയപീടിയേക്കൽ എന്നീ ആളുകളിൽനിന്നും പെൻഷനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ അപേക്ഷപ്രകാരം പെൻഷൻ അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇവർക്ക് പെൻഷൻ നൽകി തുടങ്ങിയോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിരുന്നു.

(ബി) ഈ അപേക്ഷയിൽ 2 പേർക്കും ചികിത്സാസഹായമായി 50,000 രൂപ വീതവും 2 പേർക്കും പെൻഷനും അനുവദിച്ചു ഉത്തരവിറക്കിയുണ്ട്.

(സി & ഡി) ടി അപേക്ഷകർക്ക് രണ്ടുപേർക്കുംപുറമെ അവരെ പരിപാലിക്കുന്ന ഒരാൾക്കും ആശ്വാസകിരണം പദ്ധതിയിൽപ്പെടുത്തി പെൻഷൻ നൽകുന്നതിനുവേണ്ടി സോഷ്യൽ സെക്യൂരിറ്റി മിഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

ഐ. എ. എസ് ഓഫീസർമാരുടെ സ്വത്ത് വിവരം

9 (7565) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഐ.എ.എസ്. ഓഫീസർമാരും ഇവരുടെ സംഘടനയും ചീഫ് സെക്രട്ടറിയും തമ്മിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരിൽ ഓരോരുത്തരും ഇവരുടെ സംഘടനയും നടത്തിയ ആരോപണങ്ങൾ സ്വത്തുവിവരം ഉൾപ്പെടെ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് എന്തെല്ലാം അന്വേഷണങ്ങൾ നടത്തി ; ഇവയിൽ നിയമവിരുദ്ധമായി സ്വത്തുസമ്പാദനം നടത്തിയ ഏതെല്ലാം കേസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ചീഫ് സെക്രട്ടറിയും മറ്റ് സെക്രട്ടറിമാരുൾപ്പെടെയുള്ള ഐ.എ.എസ്. ഓഫീസർമാർ നൽകിയ സ്വത്തുവിവരത്തിനെക്കാൾ കൂടുതൽ സ്വത്തുസമ്പാദിച്ചതായുള്ള ആരോപണം പരിശോധിച്ച്, ഇവർ ആരെല്ലാമെന്നും എത്ര തുകയുടെ അധികസ്വത്ത് ഇവരുടെ പേരിലുണ്ട് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഐ.എ.എസ് ഓഫീസർമാരും അവരുടെ സംഘടനയും ചീഫ് സെക്രട്ടറിയും തമ്മിൽ സ്വത്തുവിവരം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) നിയമവിരുദ്ധമായി സ്വത്ത് സമ്പാദനം നടത്തി എന്ന ആരോപണം ഉന്നയിച്ചുകൊണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥരിൽനിന്നോ അവരുടെ സംഘടനയിൽനിന്നോ മേഖാമൂലം ഒരു പരാതിയും സർക്കാരിന് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly